## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3887

## 31.01.2014–ലെ മറുപടിക്ക്

### വീട്ടു വാടക നൽകുന്നതിനുള്ള ദൂര പരിധി നിർണ്ണയം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ.കെ.എം.മാണി<br>ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| എ | സർക്കാർ ജീവനക്കാർക്ക് നിലവിൽ നൽകി വരുന്ന വീട്ടു വാടക ബത്ത (എച്ച്.ആർ.എ.) നിർണ്ണയം സംബന്ധിച്ച മാനദണ്ഡം എന്തെല്ലാമെന്നുള്ള വിവരം തസ്തിക തിരിച്ച് വിശദമാക്കുമോ? | സർക്കാർ ജീവനക്കാർക്ക് വീട്ടു വാടക ബത്ത അനുവദിച്ചിട്ടുള്ളത് ജീവനക്കാരുടെ ശമ്പള സ്കെയിലിനേയും അവർ ജോലി ചെയ്യുന്ന സ്ഥാപനം/ഓഫീസ് സ്ഥിതി ചെയ്യുന്ന പ്രദേശത്തെയും അടിസ്ഥാനമാക്കിയാണ്. വീട്ടു വാടക ബത്ത അനുവദിക്കുന്നതിന് തസ്തിക ഒരു മാനദണ്ഡമല്ല. 9–ാം ശമ്പള പരിഷ്കരണ ഉത്തരവിന്റെ (26/02/2011–ലെ ജി.ഒ.പി. 85/2011/ധന) ഖണ്ഡിക 13–ലെ വ്യവസ്ഥകളും നിരക്കും പ്രകാരമാണ് നിലവിൽ വീട്ടു വാടക ബത്ത അനുവദിക്കുന്നത്. |

| | | |
|---|---|---|
| ബി | അനുബന്ധ ബത്ത നിർണ്ണയത്തിലേയ്ക്കായി താലൂക്ക് ആസ്ഥാനത്തു നിന്നും ദൂര പരിധി കണക്കാക്കുന്നത് സംബന്ധിച്ചുള്ള ഉത്തരവുകളുടെ വിശദാംശം ലഭ്യമാക്കാമോ? | അനുബന്ധ ബത്ത (വീട്ടു വാടക ബത്ത) നിർണ്ണയത്തിലേയ്ക്കായി താലൂക്ക് ആസ്ഥാനത്തു നിന്നും ദൂര പരിധി കണക്കാക്കുന്നത് സംബന്ധിച്ച് ശമ്പള പരിഷ്കരണ ഉത്തരവുകൾക്കു പുറമേ ധനവകുപ്പിൽ നിന്നും ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. |
| സി | ദൂര പരിധി തിട്ടപ്പെടുത്തൽ സംബന്ധിച്ചുള്ള അധികാരം നിയമാനുസൃതമായി ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | ഓഫീസ് ഏതു പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത് എന്നു വ്യക്തമാക്കുന്ന സ്ഥാന നിർണ്ണയ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരി പൊതു മരാമത്ത് വകുപ്പിലെ ബിൽഡിംഗ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. |
| ഡി | താലൂക്ക് ആസ്ഥാനത്തു നിന്നുമുള്ള ദൂര പരിധിയുമായി ബന്ധപ്പെട്ട് നാളിതു വരെ ഇറങ്ങിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | ശമ്പള പരിഷ്കരണ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് വീട്ടു വാടക ബത്ത അനുവദിക്കുന്നത്. താലൂക്ക് ആസ്ഥാനത്തതിന്റെ ദൂര പരിധി സംബന്ധിച്ച് ശമ്പള പരിഷ്കരണ ഉത്തരവുകൾ അല്ലാതെ വേറെ ഉത്തരവുകളൊന്നും ധന വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ